പദ്ധതി പ്രകാരം വിവിധ ട്രേഡുകളിലായി 15 ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള ഒരു പദ്ധതിയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

7 (*263) വനിതാ തൊഴിൽദാന പദ്ധതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.പി. വർഗ്ഗീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ വനിതകൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വനിതകൾക്ക് തൊഴിൽ നൽകുന്ന പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വ്യവസായ മേഖലകളെയാണ് ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വനിതാ തൊഴിൽദാന പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് തുടങ്ങുവാനുദ്ദേശിക്കുന്ന തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ സംരംഭകർക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ലക്ഷം വനിതകൾക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത തൊഴിൽദാന പദ്ധതിക്ക് ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചുവോ;

(എച്ച്) എങ്കിൽ വനിതാ തൊഴിൽദാന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 'വനിതാ തൊഴിൽദാന പദ്ധതി വ്യവസായ രംഗത്ത് എന്ന ഒരു തീവ്രയത്ന പരിപാടിക്ക് വ്യവസായ വകുപ്പു രൂപം നൽകിവരികയാണ്. സംഘടിത മേഖലകളായ ഗ്രാമീണ കൈത്തൊഴിൽ, കൃഷിപ്പണി എന്നിവയ്ക്കു പുറമെ പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കശുവണ്ടി, കൈത്തറി, കമ്പിളി, കരകൗശല, ഗ്രാമീണ വ്യവസായം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് പുത്തൻ സാങ്കേതികവിദ്യ പകർന്നു കൊടുത്തുകൊണ്ട് സ്ത്രീകളുടെ അധ്വാനഭാരം കുറയ്ക്കുവാനും, വരുമാനം ഉയർത്തുവാനും അങ്ങിനെ സമൂഹത്തിൽ അവരുടെ പദവി ഉയർത്താനും ഉദ്ദേശിച്ചു കൊണ്ടാണ് മേൽപ്പറഞ്ഞ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. കാർഷിക മേഖലയെ അപേക്ഷിച്ച് കൂടുതൽ വരുമാനം ലഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായ മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ചും. നിലവിലുള്ളവ വിപുലീകരിച്ചും, മെച്ചപ്പെട്ട സാങ്കേതികവിദ്യയും പരിശീലനവും നൽകി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു. വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ നടപ്പാക്കി വരുന്നതും പുതുതായി ആവിഷ്ക്കരിക്കുന്നതുമായ വ്യവസായ പദ്ധതികൾ ക്രോഡീകരിച്ച് നിരീക്ഷണത്തിലൂടെ മെച്ചപ്പെടുത്തി, സമയബന്ധിതമായി ലക്ഷ്യം വരിക്കാനുള്ള കേന്ദ്രീകൃത സംവിധാനം കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ചെറുകിട വ്യവസായം, കയർ, കരകൗശലം കൈത്തറി, ഖാദി ഗ്രാമ വ്യവസായം കൃത്രിമ വൈരക്കല്ലു വ്യവസായം, സെറിക്കൾച്ചർ, ഫിഷറീസ്, മത്സ്യ സംസ്ക്കരണം, വിവര സാങ്കേതികവിദ്യ എന്നീ മേഖലകളെയാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഉദ്ദേശിക്കുന്നുണ്ട്. അതാത് രംഗങ്ങളിൽ അതാതു വകുപ്പ്/ഏജൻസികൾ തന്നെ ഉയർന്ന സാങ്കേതിക പരിശീലനം നൽകാൻ പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇവയെല്ലാം കൂടെക്കൂടെ അവലോകനം ചെയ്തു സൂക്ഷ്മ നിരീക്ഷണത്തിലൂടെ സമയ ബന്ധിതമായി നടപ്പാക്കാനും, പദ്ധതി വിഹിതം വനിതകൾക്കായി ചെലവിടുന്നുവെന്ന് ഉറപ്പു വരുത്താനും 'വനിതാ സെൽ' രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഇ) വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതി ആയതിനാൽ പ്രസ്തുത വകുപ്പുകളുടെ മുഴുവൻ ആനുകൂല്യങ്ങളും, വനിതാ വ്യവസായ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നിയമാനുസൃതം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) വനിതാ തൊഴിൽദാനപദ്ധതി പ്രകാരം അടുത്ത രണ്ടു വർഷത്തിനകം ഉദ്ദേശം 3 1/2 ലക്ഷം വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനാണ് പ്ലാൻ ചെയ്തിരിക്കുന്നത്.

(ജി) ഇല്ല.

(എച്ച്) നടപടി സ്വീകരിച്ചു വരുന്നു.

8 (*264) നഗരങ്ങളിലെ ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ചപ്പുചവറുകൾ സംസ്കരിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly